# അലങ്കാരവും സൗന്ദര്യവും വിലക്കപ്പെട്ടതല്ല

عَنْ أَبي الأحوص عَنْ أَبِيهِ قَالَ أَتَيْتُ النَّبِيَّ -صلى الله عليه وسلم- فِى ثَوْبٍ دُون. فَقَالَ: أَلَكَ مَالٌ؟ قَالَ نَعَمْ. قَالَ: مِنْ أَىِّ الْمَالِ. قَالَ قَدْ آتَانِى اللَّهُ مِنَ الإِبِلِ وَالْغَنَمِ وَالْخَيْلِ وَالرَّقِيقِ. قَالَ: فَإِذَا آتَاكَ اللَّهُ مَالاً فَلْيُرَ أَثَرُ نِعْمَةِ اللَّهِ عَلَيْكَ وَكَرَامَتِهِ (أبوداود)

**അബുൽ അഹ്‌വസ് തന്റെ പിതാവിൽ (മാലികുബ്നു നള്‌ലയിൽ) നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ അൽപം തരം താണ (എന്റെ സാമ്പത്തികാവസ്ഥക്ക് യോജിച്ചതല്ലാത്ത) വസ്ത്രം ധരിച്ചുകൊണ്ട് പ്രവാചകന്റെ അരികിൽ ചെന്നു. അപ്പോൾ നബി(സ) ചോദിച്ചു: നിനക്ക് സാമ്പത്തിക ശേഷിയില്ലേ? ഞാൻ പറഞ്ഞു: ഉണ്ട്. നബി(സ) ചോദിച്ചു: ഏത് തരം സമ്പത്താണുള്ളത്? ഞാൻ പറഞ്ഞു: അല്ലാഹു എനിക്ക് ഒട്ടകം, ആട്, കുതിര, ഭൃത്യന്മാർ തുടങ്ങിയവ നൽകിയിട്ടുണ്ട്. നബി(സ) പറഞ്ഞു: അല്ലാഹു നിനക്ക് സമ്പത്ത് നൽകിയിട്ടുണ്ടെങ്കിൽ ആ അനുഗ്രഹത്തിന്റെയും ഔദാര്യത്തിന്റെയും അടയാളങ്ങൾ നിന്റെ മേൽ ദൃശ്യമാവണം (അബൂദാവൂദ്).**

അല്ലാഹു മനുഷ്യനെ ആദരിച്ചു. ഏറ്റവും നല്ല രീതിയിൽ അവനെ സൃഷ്ടിച്ചു. ആ സൗന്ദര്യവും ഭംഗിയും കാത്തുസൂക്ഷിക്കുന്നവരെയാണ് അല്ലാഹുവിനിഷ്ടം. വസ്ത്രം നഗ്നത മറയ്ക്കാൻ മാത്രമല്ല, അലങ്കാരത്തിനു കൂടിയുള്ളതാണെന്നത് വിശുദ്ധ ഖുർആന്റെ പ്രഖ്യാപനമാണ്. അല്ലാഹു അനുവദനീയമാക്കിയതനുസരിച്ച്, കാഴ്ചക്കാരിൽ സന്തോഷം ജനിപ്പിക്കുംവിധം മുസ്‌ലിംകൾ അലങ്കാരവസ്ത്രം സ്വീകരിക്കുന്നത് നബി(സ) ഏറെ ഇഷ്ടപ്പെട്ടിരുന്നുവെന്ന് നബിവചനം വ്യക്തമാക്കുന്നു. പരസ്പരം സന്ദർശിക്കുമ്പോഴും പെരുന്നാളുകളിലും ജുമുഅയിലും നമസ്കാരങ്ങളിലുമെല്ലാം ഏറ്റവും നല്ലതും വൃത്തിയുള്ളതുമായ വസ്ത്രമാണ് നബി(സ)യും സ്വഹാബികളും ധരിച്ചിരുന്നത്. വേഷത്തിന്റെ വെടിപ്പും ഭംഗിയും കൊണ്ടും വിശ്വാസികളെ ജനങ്ങൾ ശ്രദ്ധിക്കണമെന്നതും നബിയുടെ തീരുമാനമായിരുന്നു. ഒരു യാത്രക്കിടെ നബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സഹോദരങ്ങളുടെ അടുക്കലേക്ക് എത്തുകയാണ്. അതിനാൽ നിങ്ങളുടെ വാഹനങ്ങളും വസ്ത്രങ്ങളും ആകർഷകമാക്കുക. നിങ്ങൾ ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമാവട്ടെ. നിശ്ചയം അല്ലാഹു മ്ലേഛമാവലും മ്ലേഛമാക്കലും വെറുക്കുന്നു.

അലങ്കാരം ഉപേക്ഷിക്കുന്നതും വസ്ത്രധാരണത്തിൽ അശ്രദ്ധ പുലർത്തുന്നതും നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. അത്വാഉബ്നു യസാർ പറയുന്നു: ഒരിക്കൽ നബി(സ) പള്ളിയിലായിരിക്കെ, താടിയും മുടിയുമെല്ലാം പാറിപ്പറന്ന നിലയിൽ ഒരാൾ അങ്ങോട്ടു വന്നു. നബി(സ) അയാളോട് പുറത്തുപോകാൻ ആംഗ്യം കാണിച്ചു. അതായത് അയാളുടെ താടിയും മുടിയും ശരിപ്പെടുത്താൻ നബി(സ) ഉദ്ദേശിക്കുന്നതുപോലെ. അപ്പോൾ അദ്ദേഹം അപ്രകാരം ചെയ്ത് തിരിച്ചുവന്നു. അന്നേരം നബി(സ) ചോദിച്ചു: ഒരാൾ പിശാചിനെപ്പോലെ ജടപിടിച്ച താടിയും മുടിയുമായി നടക്കുന്നതിനേക്കാൾ നല്ലത് ഇതല്ലേ?

അലങ്കാരം ഉപയോഗിക്കൽ ഈമാനിന് വിരുദ്ധമോ അഹങ്കാരമോ അല്ലെന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. ഇബ്നു മസ്ഊദിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: ഹൃദയത്തിൽ അണുമണിത്തൂക്കം ഈമാൻ ഉള്ളവൻ നരകത്തിൽ പ്രവേശിക്കുകയില്ല. ഹൃദയത്തിൽ അണുമണിത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗത്തിലും പ്രവേശിക്കില്ല. ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, വസ്ത്രം അലക്കിയതും തല എണ്ണമയമുള്ളതും ചെരുപ്പിന്റെ വാറ് പുതിയതും ആയിരിക്കാൻ ഞാനിഷ്ടപ്പെടുന്നു. ഇത് അഹങ്കാരത്തിൽ പെടുമോ? നബി(സ) പറഞ്ഞു: ഇല്ല. അത് സൗന്ദര്യമാണ്. നിശ്ചയം അല്ലാഹു സുന്ദരനാണ്. സൗന്ദര്യം അവൻ ഇഷ്ടപ്പെടുന്നു. സത്യത്തെ അവമതിക്കലും ജനങ്ങളെ നിന്ദിക്കലുമാണ് അഹങ്കാരം.

ഇബ്നു അബ്ബാസ് പറഞ്ഞു: നീ ഉദ്ദേശിക്കുന്നത് ഭക്ഷിക്കുക, നീ ഉദ്ദേശിക്കുന്നത് ധരിക്കുക, എന്നാൽ അമിതവ്യയമോ അഹങ്കാരമോ ഉണ്ടായാൽ അത് തെറ്റാണ്.

ഉമറുബ്നുൽ ഖത്ത്വാബ് പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് വിശാലത നൽകിയിട്ടുണ്ടെങ്കിൽ നിങ്ങളുടെ സ്വന്തത്തിന്റെ കാര്യത്തിൽ വിശാലത കാണിക്കുക.

ഒരാൾക്ക് അല്ലാഹു വിപുലമായ സമ്പത്ത് നൽകിയാൽ അയാൾ തന്റെ വസ്ത്രധാരണത്തിന് അത് ഉപയോഗപ്പെടുത്തണം. തന്നെപ്പോലുള്ളവരുടെ രീതി അയാൾ പിന്തുടരണം. ആളുകൾ അനിഷ്ടം പ്രകടിപ്പിക്കുന്ന രീതിയിലുള്ള വസ്ത്രധാരണ രീതിയും പൊങ്ങച്ചവും ആഡംബരവുമാണ് ഇസ്‌ലാം വർജിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ●